"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - തിരുവനന്തപുരം ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.240/2025/DMD തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-
1. 27.03.2018 തീയതിയിലെ സ. ഉ. (കൈ) നം. 3/2018/ഡിഎംഡി.
2. 27.03.2025 തീയതിയിലെ സ. ഉ. (സാധാ) നം.183/2025/ഡിഎംഡി.
3. അഡ്വ. ഐ. ബി. സതീഷ് (കാട്ടാക്കട) എം. എൽ. എ. -യുടെ 29.03.2025 തീയതിയിലെ അപേക്ഷ

**ഉത്തരവ്**

എസ്. ഡി. ആർ. എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (2) പ്രകാരം 10,00,000/ - (പത്ത് ലക്ഷം രൂപ മാത്രം) രൂപ വീതം ഭരണാനുമതി നൽകിയിരുന്ന തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ ചുവടെ നൽകിയിരിക്കുന്ന മൂന്ന് റോഡുകളുടെ ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ടും പ്രസ്തുത റോഡുകൾക്ക് പകരമായി കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ തന്നെ കാലവർഷക്കെടുതിയിൽ തകർന്നതും ഗതാഗതയോഗ്യമല്ലാത്തതുമായ ചുവടെ ചേർത്തിട്ടുള്ള മൂന്ന് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 10,00,000/ - (പത്ത് ലക്ഷം രൂപ മാത്രം) രൂപ വീതം മാറ്റി അനുവദിച്ചും ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| ഭരണാനുമതി റദ്ദ് ചെയ്യുന്ന റോഡ് പ്രവൃത്തികൾ | പുതിയ ഭരണാനുമതി അനുവദിക്കുന്ന റോഡ് പ്രവൃത്തികൾ |
|---|---|
| 1. മൂലിയൂർ - ചെമ്മോട് - പുതുവയക്കൽ റോഡ്<br>2. കഞ്ചയൂർക്കോണം വാനറത്തല റോഡ്<br>3. ചൂണ്ടുപലക - മുണ്ടുപള്ളിക്കോണം റോഡ് | 1. ടൗൺ വാർഡിൽ കാഞ്ഞിരക്കാട് റോഡ്<br>2. കഞ്ചിയൂർക്കോണ - നെല്ലിയോട്ട്കോണം റോഡ്<br>3. അഞ്ചുതെങ്ങിൻമൂട് - നെല്ലിയോട്ട്കോണം റോഡ് |

2. പുതിയതായി അനുവദിച്ച പ്രവൃത്തികൾ സംസ്ഥാനദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് തിരുവനന്തപുരം ജില്ലാകളക്ടർ പരിശോധിച്ച്

ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തികളുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. ഭരണാനുമതി കാലാവധിക്കകത്ത് പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. പരാമർശം (2) മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ് - ഫയൽ നം. DMB1/81/2025/DMD

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S.R
സെക്ഷൻ ഓഫീസർ
Date: 11-04-2025 15:03:47

പകർപ്പ്: ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്തനിവാരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്